(ബി) 1999 മുതൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ കൃഷിയിടങ്ങൾ സന്ദർശിച്ച് സാമ്പിളുകൾ പരിശോധിക്കുകയും കൃഷിമുറകൾ പരീക്ഷിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആസൂത്രിത രീതിയിലുള്ള ഗവേഷണ പദ്ധതി ആരംഭിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളു.

(സി) രോഗകാരണങ്ങൾ പൂർണ്ണമായി ഗ്രഹിക്കാനും പ്രതിവിധി കണ്ടെത്താനും ഇപ്പോൾ നടത്തുന്ന ഗവേഷണ പദ്ധതിയുടെ ഫലം ലഭിക്കേണ്ടതുണ്ട്.

കവുങ്ങുകൾക്ക് ബാധിച്ച മഞ്ഞളിപ്പു രോഗം

112 [430] ശ്രീ. ഉമേഷ് ചള്ളിയിൽ:

" കെ. കെ. ഷാജു:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ കവുങ്ങുകൾക്ക് മഞ്ഞളിപ്പ് രോഗം ബാധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗത്തിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) രോഗബാധമൂലം നഷ്ടം വന്നിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യഥാർത്ഥ കാരണം ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ സൂക്ഷ്മ ജീവികളായ "ഫൈറ്റോപ്ലാസ്മ"യാണ് ഇതിനുകാരണമെന്ന് ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) രോഗത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനും അതിനെക്കുറിച്ച് പഠനം നടത്തുന്നതിനും ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുകയും കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ പ്രാരംഭ മീറ്റിംഗ് 19-1-2005-ൽ കൂടുകയുണ്ടായി. രൂക്ഷമായി രോഗം ബാധിച്ച കവുങ്ങുകളെ മുറിച്ചുമാറ്റുന്നതിനും രോഗ നിയന്ത്രണത്തിനുള്ള കേന്ദ്രസഹായം അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു. രോഗബാധിത ജില്ലകളെ ഉൾപ്പെടുത്തി ഏകദേശം 39 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് തയ്യാറാക്കി വരുന്നു.

(ഡി) രോഗം ബാധിച്ച കവുങ്ങുകൾ മുറിച്ചു മാറ്റൽ, സംയോജിത വള പ്രയോഗം, മരുന്നുതളിക്കൽ എന്നീ ഘടകങ്ങൾ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 219 ലക്ഷം രൂപയുടെ ഒരു പദ്ധതി ഇതിനകം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു കഴിഞ്ഞു. കൂടാതെ മുഴുവൻ രോഗബാധിത പ്രദേശങ്ങളെയും ഉൾപ്പെടുത്തി ഏകദേശം 39 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly